ലഹളയുടെ ആരംഭം അന്നുനിലവിലിരുന്ന കാർഷികമായും നിസ്സഹകരണ പ്രസ്ഥാനം എന്നിവ സൃഷ്ടിച്ച ബ്രിട്ടീഷ് വിരുദ്ധ അന്തരീക്ഷവുമായും ബന്ധപ്പെട്ടിരുന്നെങ്കിലും അവസാനം അത് ഒരു തികഞ്ഞ വർഗ്ഗീയകലാപമായി രൂപം പ്രാപിച്ചു". മേൽപ്പറഞ്ഞ കാരണങ്ങൾ ഉന്നയിച്ചാണ് പുന്നപ്ര-വയലാർ സമരത്തേയും മാപ്പിള ലഹളയേയും ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗങ്ങളായി ഇതുവരെ അവർ അംഗീകരിക്കാത്തത്.

(ബി) മേൽ പറഞ്ഞ സമരങ്ങളെ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗങ്ങളായി അംഗീകരിച്ചുകിട്ടുന്നതിനുവേണ്ടി 1972 മുതലേ ഗവൺമെന്റ് ശ്രമിച്ചുവരികയാണ്. ഗവൺമെന്റ് നിലവാരത്തിൽ മാത്രമല്ല വിവിധ ബഹുജന സംഘടനകളും സംസ്ഥാനത്തിൽ നിന്നുമുള്ള എം. പി. മാരും നിയമനിർമ്മാണ സഭ തന്നെയും തുടരെ തുടരെ അഭ്യർത്ഥിച്ചിട്ടും കേന്ദ്ര ഗവൺമെന്റ് അതിന്റെ പഴയ നിലപാടിൽ തന്നെ ഉറച്ചുനിൽക്കുകയാണ്. അവസാനമായി പുന്നപ്ര-വയലാർ സമരം മലബാർ ലഹള തുടങ്ങിയവ ദേശീയസ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി അംഗീകരിച്ചു കിട്ടുവാൻവേണ്ടി സംസ്ഥാന മുഖ്യമന്ത്രി, പ്രധാന മന്ത്രിക്ക് ഒരു കത്ത് അയച്ചിട്ടുണ്ട്. അതിന്റെ മറുപടി ഇതുവരെ കിട്ടിയിട്ടില്ല.

പി. എസ്. സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ നിവേദനം

1127 [1800] ശ്രീ. കെ. രാഘവൻ മാസ്റ്റർ

,, സേവ്യർ അറയ്ക്കൽ

,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ ലൈൻമാൻ, ഓവർസീയർ, എന്നീ പോസ്റ്റുകളിലേയ്ക്കുള്ള പി. എസ്. സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) ഇത് സംബന്ധിച്ച് അനുകൂലമായ നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് പബ്ലിക് സർവീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം നടത്തുന്ന ഒഴിവുകൾ മുഴുവനും പി. എസ്. സി. യുടെ നോട്ടിഫിക്കേഷൻ അനുസരിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ നിന്നു മാത്രമേ ആകാവൂ എന്നതാണ് മുഖ്യമായ ആവശ്യം.

(സി) ഇലക്ട്രിസിറ്റി ബോർഡും അതിലെ ജീവനക്കാരുടെ യൂണിയനുകളുമായി 25-11-1978-ൽ ഉണ്ടാക്കിയ ദീർഘകാലകരാറിന്റെ വ്യവസ്ഥകൾ അനുസരിച്ച് പരിഷ്കരിച്ച വർക്ക് നോമുകൾ നടപ്പിലാക്കുന്നതുമൂലം ജീവനക്കാരുടെ പ്രമോഷൻ സാദ്ധ്യതകൾ നഷ്ടപ്പെടും. അത് പരിഗണിച്ച് പബ്ലിക് സർവീസ് കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഇപ്പോൾ നിയമനം നടത്തിക്കൊണ്ടിരിക്കുന്ന [illegible]

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകളുടെ നിശ്ചിതശതമാനം ഒഴിവുകളും സർവീസിലുള്ള ജീവനക്കാരിൽ നിന്നും പ്രമോഷൻമൂലം നികത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതിനുവേണ്ട അനുവാദം തരുന്നതിന് പബ്ലിക് സർവീസ് കമ്മീഷനോട് 23-1-1978-ൽ വിദ്യുച്ഛക്തി ബോർഡ് അപേക്ഷിച്ചിട്ടുമുണ്ട്.

സർക്കാർ ഓഫീസിന്റെ ഭിത്തികളിൽ പരസ്യങ്ങൾ പതിക്കുന്നതു തടയാൻ നടപടി

1128 [1801] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസിന്റെ ഭിത്തികളിൻമേൽ പരസ്യങ്ങൾ പതിച്ചും, എഴുതിയും വൃത്തികേടാക്കുന്ന പ്രവണത തടയാൻ സത്വര നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരത്തെ വികാസ്ഭവൻ കെട്ടിടത്തിന്റെ സംരക്ഷണത്തിനു ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) വികാസ്ഭവന്റെ പ്രധാന പോർട്ടിക്കോയിലെ സിഗരറ്റ് കച്ചവടക്കാരെ ഇവിടെ നിന്നും മാറ്റാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) സിഗരറ്റ് കച്ചവടക്കാരെ മാറ്റിക്കഴിഞ്ഞു.

കയറ്റുമതി ഇനത്തിൽ ലഭിച്ച വിദേശനാണ്യം

1129 [1802] ശ്രീ. പി. സി. ജോസഫ്

,, എം. വി. മാണി

,, ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-78 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ എത്ര കോടി രൂപ വിദേശ നാണ്യമായി ലഭിച്ചു;

(ബി) ഇതിൽ ഓരോ കയറ്റുമതി സാധനത്തിനും ലഭിച്ച തുക പ്രത്യേകമായി വ്യക്തമാക്കുമോ?

ഉത്തരം

(എ) 1977-78-ൽ കേരളത്തിലെ തുറമുഖങ്ങൾ വഴി 575 കോടി രൂപയ്ക്കുള്ള സാധനങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly